നമ്പർ. സി.പി(2) 47930/15

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 26.09.2016

## സർക്കുലർ നംപർ .36/16

വിഷയം : സഹകരണ വകുപ്പ്- സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നത്-മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന : സർക്കാരിന്റെ 14/7/16 ലെ 1188/സി2/15/സഹ. നമ്പർ കത്ത്.

...............

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ താൽക്കാലികമായി നിയമനങ്ങൾ നടത്തുകയും വർഷങ്ങൾക്ക് ശേഷം ടി നിയമനങ്ങൾ സ്ഥിരപ്പെടുത്തിന്നതിന് ഭരണസമിതി തീരുമാനം കൈക്കൊണ്ട് നിരവധി അപേക്ഷകൾ ഈ ഓഫീസിൽ ലഭിക്കുകയും ആയവ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്ത് വരുന്നുണ്ട് സ്റ്റേറ്റ് ഓഫ് കർണ്ണാടകയും ഉമാദേവിയും തമ്മിലുള്ള കേസിൽ, ബഹുമാനപ്പെട്ട സുപ്രിംകോടതി വിധിയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രമേ താൽക്കാലിക നിയമനങ്ങൾ റഗുലറൈസ് ചെയ്യാൻ പാടുള്ളുവെന്ന് സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

1. താൽക്കാലിക നിയമനങ്ങൾ ലഭിച്ചവർ ക്രമപ്രകാരം യോഗ്യത നേടിയവർ ആയിരിക്കണം.
2. താൽക്കാലിക നിയമനം അംഗീകരിച്ച തസ്തികകളിലേക്ക് ആയിരിക്കണം.
3. അവർ സർവ്വീസിൽ 10 വർഷം തുടർച്ചയായി ബ്രേക്ക് ഇല്ലാതെ പ്രവർത്തിച്ചിരിക്കണം.
4. അത്തരത്തിലുള്ള 10 വർഷ സർവ്വീസ് കോടതി ഉത്തരവുകളുടെ ബലത്തിലായിരിക്കരുത്.
5. ഇത്തരത്തിൽ നിയമനം ലഭിച്ചവർ 10.4.2006 നുള്ളിലെങ്കിലും കുറഞ്ഞത് 10 വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം. അതായത് അവരുടെ നിയമനം 10.4.1996 ന് മുമ്പ് ആയിരിക്കണം.
6. ഇത്തരത്തിൽ നിയമനം ലഭിച്ചവരുടെ റഗുലറൈസേഷൻ സംസ്ഥാന സർക്കാരുകൾ 10.4.2006 ന് 6 മാസത്തിനുള്ളിൽ തയ്യാറാക്കിയ സ്കീം പ്രകാരമായിരിക്കണം. അല്ലാത്ത പക്ഷം റഗുലറൈസേഷൻ നിയമ വിരുദ്ധമായിരിക്കും.

7. ഈ റഗുലറൈസേഷൻ ഒരു തവണത്തേക്കുമാത്രമുള്ളതും അത് പിന്നീട് തുടരാൻ പാടില്ലാത്തതുമാണ്.

മേൽ സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ മേൽ പറഞ്ഞ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അതാത് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ പരിശോധിച്ച് സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്
എസ്. ലളിതാംബിക .ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. ഈ ഓഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും ജോയിന്റ് രജിസ്ട്രാർക്കും, ഡെപ്യൂട്ടി രജിസ്ട്രാർക്കും.
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും.
4. ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും

പകർപ്പ്.

1. വെബ് സൈറ്റ്.
2. സഹകരണ വീഥി,
3. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

അസിസ്റ്റൻറ് രജിസ്ട്രാർ (സി.പി – ബി)